Kalary.com



# Kalary.com

## ആഗോള കളരിക്കുറുപ്പ്
## കളരിപ്പണിക്കർ സമുദായ
## അംഗങ്ങളേവർക്കും
## കളരി ഡോട്ട് കോമിന്റെ
## പുതുവത്സരാശംസകൾ

(മറുപുറം നോക്കുക)

# കളരി ന്യൂസ്

ജാനുവരി **2013** Newsletter


മുഖപ്രസംഗം

സമുദായത്തിൻെറ സാംസ്കാരിക ചരിത്രാന്വേഷണവും ചരിത്ര അവബോധ പ്രചരണവും കാലഘട്ടത്തിന് യോജിച്ചതല്ലായെന്ന അഭിപ്രായം ജ്യോതിഷ വിഭാഗത്തിലെ ചിലർ പറഞ്ഞു കേൾക്കുന്നു. എന്നാൽ ഇന്ന് മറ്റു കാലഘട്ടങ്ങളെ അപേക്ഷിച്ച് ജാതിയമായ വിഷയങ്ങളിൽ പ്രസക്തി കൂടുന്നുണ്ട്. പണ്ടുകാലത്ത് ഇല്ലാതിരുന്ന പല മാന്യതകളും ശ്രേഷ്ഠതകളും വിവിധ സമുദായങ്ങൾ അവസരോചിതമായി ഉയർത്തിക്കാട്ടി അനർഹമായ സാമൂഹിക സ്ഥാനം അവകാശപ്പെടുന്നു. രാഷ്ട്രീയമായി എത്രതന്നെ കളികൾ കളിച്ചാലും സാമൂദായികമായി അവരവർ അവരവരുടെ ശ്രേഷ്ഠതകൾ ഉയർത്തിക്കാട്ടുന്നു.

ഇന്ന് സാമൂഹികമായും രാഷ്ട്രീയമായും ഭരണപരമായും തൊഴിൽ പരമായും ഉന്നതങ്ങളിൽ വിഹരിക്കുന്ന നായർ, ഈഴവർ എന്നിവർ ഈ അവസ്ഥയിൽ എത്തരത്തിലാണ് എത്തിയതെന്ന് അന്വേഷിക്കേണ്ടത് ഈ അവസരത്തിൽ അനിവാര്യമായി തോന്നുന്നു.

തെക്കേ മലയാളത്തിൽ നായരെ പൊതുവെ മലയാള ശൂദ്രർ എന്നാണ് വിളിച്ചിരുന്നത് എന്ന് രാജരേഖകളിൽ രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ***"The Malayala Sudras go under the name of the Nairs - an indication of the military nobility to which they belonged."*** Brief Sketch of Travancore എന്ന ഗ്രന്ഥത്തിലെ ഈ ഉദ്ധരണി ഉദാഹരണത്തിന് ചൂണ്ടാകാട്ടാം . മലയാള ശൂദ്രർ എന്ന സംബോധന മാറ്റി നായർ എന്ന് രേഖകളിൽ രേഖപ്പെടുത്തുവാൻ അന്നത്തെ നായർ കൂട്ടായ്മ തിരുവിതാംകൂർ, കൊച്ചി എന്നി രാജ സദസ്സുകളിൽ ശക്തമായി അപേക്ഷിച്ചതിനെ തൂടർന്ന് സർക്കാർ രേഖകളിൽ നായർ എന്ന് രേഖപ്പെടുത്തി തൂടങ്ങി. ഇരുപതാം നൂറ്റാണ്ടിൻെറ ആരംഭത്തിൽ ശൂദ്രരും ഈഴവരും അവരുടെ സമുദായത്തിനുള്ളിൽ സാമൂഹിക ബോധം വളർത്തുകയും സഹോദര വിഭാഗങ്ങളെ നായർ, ഈഴവർ എന്നി പൊതു നാമത്തിൻ കീഴിൽ കൊണ്ടുവരുകയും ചെയ്തു. സാമൂഹികമായി അവർ ഉയർന്നവരാണെന്ന് സ്ഥാപിക്കുകയും സമുദായ അംഗങ്ങളെ വിശ്വസിപ്പിക്കുകയും ചെയ്തതിൻെറ ഫലമാണ് ഇന്ന് ഈ സമുദായങ്ങൾ സാമൂഹിക, രാഷ്ട്രീയ, ഭരണ മേഖലകളിൽ ശക്തമായി സംഘടനകളിലൂടെ ഉയർന്നു നിൽക്കുന്നത്. അതായത് സമുദായ പ്രത്യേ ആത്മാഭിമാനം ഉണർത്തേണ്ടത് ഏതൊരു വിഭാഗത്തേയും ഒന്നിച്ചുനിർത്തുവാൻ അനിവാര്യമാണ്.

1807-ൽ Jonathan Duncan എഴുതിയ Coast of Malabar എന്ന ഗ്രന്ഥത്തിൽ തീണ്ടലിനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. നായർക്ക് ബ്രാഹ്മണരുടെ അരുകിൽ ചെല്ലാം എന്നാൽ ബ്രാഹ്മണരെ തൊട്ടുകൂടാ. ഈഴവർക്ക് 36 അടി ദൂരം തിയ്യപ്പാട് ദൂരം പാലിക്കണമായിരുന്നു. Hutton എഴുതിയ Caste in India എന്ന ഗ്രന്ഥത്തിൽ (പുറം 80) Francis Day എഴുതിയ Land of Perumal, Mateer എഴുതിയ Land of Charity എന്ന ഗ്രന്ഥങ്ങളിലെ ചരിത്ര പ്രതിപാദനങ്ങളിൽ ഈഴവർ ബ്രാഹ്മണരിൽ നിന്നും 36 ചുവടു ദൂരവും നായരിൽ നിന്നും 12 ചുവടു ദൂരവും തീണ്ടപ്പാടകലം പാലിക്കണമായിരുന്നു എന്ന് കാണുന്നു. എന്നാൽ കണിയാൻ ബ്രാഹ്മണരിൽ നിന്നും 24 അടിയും നായരെ തൊട്ടുകൂടായ്മയും മാത്രമേ ഉണ്ടായിരുന്നൊള്ളു. ഈഴവർ തീണ്ടപ്പാടകലം പാലിക്കാതെ വന്നാൽ നായർ ഈഴവൻെറ തലവെട്ടുമായിരുന്നുവെന്ന് Francis Day ചൂണ്ടികാട്ടിയിട്ടുണ്ട്. ഈഴവർ പാലിക്കേണ്ട തീണ്ടപ്പാടകലത്തെ "തിയ്യപ്പാടകലം" എന്നാണ് പറഞ്ഞിരുന്നത്. ഈ ചരിത്ര പ്രതിപാദനങ്ങൾ ഒളിപ്പിച്ചുവെച്ചുകൊണ്ട് പി.ഭാസ്കരനുണ്ണിയുടെ കേരളം ഇരുപതാം നൂറ്റാണ്ടിൻെറ ആരംഭത്തിൽ, പുരുഷോത്തമൻ ചോൻ എഴുതിയ നായന്മാരുടെ ആദിമാതാവ്, പുലയി, ചെറുമി ഈഴവരുടേയും, ഈഴവരുടെ ചരിത്രം, എസ്.എൻ. സദാശിവൻ എഴുതിയ എ സോഷ്യൽ ഹിസ്റ്ററി ഓഫ് ഇന്ത്യ എന്നി ഗ്രന്ഥങ്ങളിൽ ഈഴവർ നായരുടെ ഒപ്പം നിന്നിരുന്നതും നായരുടെ ഗുരുസ്ഥാനീയരായിരുന്ന ജനവിഭാഗമാണെന്നും സമർത്ഥിച്ചിട്ടുണ്ട്. ഈ സമർത്ഥനം ചരിത്ര രേഖകളായി സർക്കാരിനെക്കൊണ്ട് അംഗീകരിപ്പിച്ചിട്ടുമുണ്ട്. സാമൂഹികമായി ഈ ജനവിഭാഗം ഉയർന്നവരാണെന്ന അവകാശവാദമാണ് ഈഴവർ ആത്മധൈര്യത്തോടെ അവരുടെ സമുദായ നാമം സമൂഹമധ്യത്തിൽ ഇന്ന് വിളിച്ചു പറയുന്നത്. അതിന് ഉദാഹരണമാണ്, പെരുമ്പാവൂരിൽവെച്ച് ഗണക വിഭാഗം നടത്തിയ വാർഷീക ആഘേഷ സമ്മേളനത്തിൽ ജാതിനാമം പറയുന്നതിൽ ജാളിത്തം ഉണ്ടാകരുതെന്ന് ശ്രീ വെള്ളാപ്പള്ളി നടേശൻ പറഞ്ഞത്.

സമൂഹത്തിൻെറ മുന്നിൽ ആത്മധൈര്യവും ആത്മാഭിമാനവും സമുദായ പ്രത്യേ ബാധ്യതയും ആദരവും സാഹോദരത്വവും പ്രകടിപ്പിക്കുന്ന ഒരു വിഭാഗമാണ് ഈഴവർ. എന്നാൽ സർക്കാരിൻെറ രേഖകളിൽ ഈ വിഭാഗം പിന്നോക്കാവസ്ഥ തരണം ചെയംതുകൊണ്ടിരിക്കുന്ന, സർക്കാരിൻെറ പ്രത്യേക ആനുകൂല്യങ്ങൾ പാത്രമായിരിക്കുന്ന ഒരു സാധാരണ പിന്നോക്ക ജനവിഭാഗമാണ്. ഈ വിഭാഗത്തിൻെറ ഈ മാനസ്സീകാവസ്ഥയും സംഘടനാ ബോധവും സമുദായ പ്രത്യേയുള്ള സ്നേഹവും സാഹോദര്യത്വവും മറ്റുള്ള കളരിക്കുറുപ്പ് കളരിപ്പണിക്കരെപ്പൊലെയുള്ള പിന്നോക്ക സമുദായങ്ങൾ മനസ്സിലാക്കേണ്ടതും പഠിക്കേണ്ടതും പ്രാവർത്തികമാക്കേണ്ടതുമാണ്.

കേരളത്തിലെ കണിയാൻ, ഗണകൻ എന്നിങ്ങനെ വിവിധ പേരുകളിൽ അറിയപ്പെടുന്ന ജനവിഭാഗങ്ങളുടേയും മധ്യകേരളത്തിൽ കളരികൾ കെട്ടി കളരി ധർമ്മം പരിപാലിച്ചിരുന്നവരുടേയും ചരിത്ര-സാംസ്കാരിക വിവിരണങ്ങൾ യുവജനങ്ങൾക്കു പകർന്നുകൊടുക്കുക. ഈ വിഭാഗങ്ങൾ ജാതിയമായി നായർക്കും ഈഴവർക്കും ഇടയിൽ സാമൂഹിക സ്ഥാനമാനങ്ങൾ അർഹിക്കുന്നവരാണെന്നും പണ്ടുകാലങ്ങളിൽ നായരുമായി അടുത്ത് ഇടപഴകിയവരായിരുന്നുവെന്നും സമുദായ അംഗങ്ങളെ ബോധ്യപ്പെടുത്തേണ്ടതാണ്. സമുദായ പ്രത്യേ അപകർഷതാബോധം വളർത്തിയാൽ നൂറ്റാണ്ടുകൾ കഴിഞ്ഞാലും ഈ വിഭാഗങ്ങൾ സാമൂഹികമായി താഴെത്തട്ടിൽ നിന്നും ഉയരുകയില്ല.

കളരിക്കുറുപ്പ് കളരിപ്പണിക്കർ വിഭാഗത്തിൻെറ ചരിത്ര, സാംസ്കാരിക വിവരണങ്ങൾ അറിയുവാനുള്ള ആദ്യ പടിയായി തളിക്കുളം രാമകൃഷ്ണ പണിക്കരുടെ "മറ്റൊരു സീത" എന്ന ഗ്രന്ഥവും തുടർന്ന് പ്രൊ. കെ.കെ. ഭാസ്കരൻെറ "അറ്റുപോയ കണ്ണികൾ", മുകുന്ദൻ കുറുപ്പിൻെറ "കളരിയും കളരിയധിപരും" എന്നീ പുസ്തകങ്ങൾ വായനലിലെടുക്കുക. കേരള സർക്കാർ സാംസ്കാരിക വകുപ്പിൻെറ കീഴിൽ പ്രസിദ്ധീകരണത്തിലിരിക്കുന്ന കേരള ചരിത്രം ഃ കളരിയും കലാരൂപങ്ങളും എന്ന ഗ്രന്ഥം കളരിക്കുറുപ്പ് കളരിപ്പണിക്കരുടെയും കണിയാൻ-ഗണകൻ എന്നി വിഭാഗങ്ങളുടേയും വ്യക്തമായ ചരിത്ര പ്രതിപാദനങ്ങൾ ഉൾക്കൊള്ളുന്ന ഒരു അടിസ്ഥാന ഗ്രന്ഥമായി വായിക്കാവുന്നതാണ്.

പണ്ടുകാലത്ത് വായ്പൊത്തി ഓച്ചാനിച്ചു നിന്ന് സ്വയം അധഃകൃതരാണെന്ന് വിളിച്ചു പറഞ്ഞ് അഷ്ടിക്ക് വകനേടിയിരുന്ന പതിതരായ പൂർവ്വികരെ ഓർക്കുമാറ്, ഇന്ന് ആധുനിക വിദ്യാഭ്യാസത്തിൽ സാക്ഷരതയുള്ള ഒരു ജനവിഭാഗം സ്വയം താഴ്ന്നവരാണെന്ന അപകർഷതാബോധം യുവാക്കളിലും കുട്ടികളിലും അടിച്ചേൽപ്പിക്കുന്നതായി കാണുന്നു. ജാതീയമായി തരംതാഴുന്നതിനേക്കാൾ നല്ലത്, യുവാക്കളിൽ ആശ്രയ ശീലം ഉപേക്ഷിക്കുവാനും സ്വാശ്രയ ശീലം വളർത്തുവാനും സമുദായ പ്രത്യേ പ്രതിബന്ധത വളർത്തുവാനും ആത്മ ധൈര്യം ഉണർത്തുവാനും സമുദായ പ്രമുഖരും നേതാക്കന്മാരും ശ്രമിക്കുകയാണ് വേണ്ടത്.

- എഡിറ്റർ


**Kalary.com**

**companionship of Kalari Kurup/Panicker Community residing across the world**

**Plot no. 235/2, Sector No. 4-A, Gandhinagar - Gujarat 382006**

**http://www.kalary.com**

Kalary.com

# സംസ്ഥാനത്തെ ജാതി-സമുദായങ്ങളുടെ പിന്നോക്കാവസ്ഥയും ഒ.ബി.സി. പട്ടികയിൽ നിലനിർത്തുവാനുള്ള നിബന്ധനകളും വ്യവസ്ഥകളും

കേരളത്തിലെ (Backward Class)പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരും (Other Backward Class) മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരും പ്രത്യേക സംവരണാനുകൂല്യങ്ങൾ പ്രാപ്തമാക്കുന്നവരുമായ ജനവിഭാഗങ്ങൾ സത്യത്തിൽ ഈ ആനുകൂല്യങ്ങൾക്ക് അർഹതപ്പെട്ടവരാണൊ?

ജാതി സമുദായങ്ങൾ പിന്നോക്കാവസ്ഥയിലാണൊ എന്നതിന് ഇന്ത്യൻ ഭരണ ഘനയനുസരിച്ച് സംസ്ഥാന സർക്കാർ മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവയിൽ ചിലത് അനുവാചകരുടെ അറിവിലേക്കായി നൽകുന്നു.

## സാമൂഹികം:

ഇന്ത്യൻ ഭരണ ഘടനയെ അടിസ്ഥാനമാക്കി സംസ്ഥാന സർക്കാരുകൾ കാർഷിക വൃത്തിയൊ കായിക അദ്ധ്വാന പ്രവർത്തികളൊ കുലത്തൊഴിൽ അഥവാ മുഖ്യ ജീവിതോപാധിയായി പാരമ്പര്യമായി ചെയ്തുവരുന്ന ജന വിഭാഗങ്ങളെയാണ് പ്രഥമ ദൃഷ്ടിയിൽ പിന്നോക്ക ജാതി -സമുദായങ്ങളായി പരിഗണിക്കുന്നത്.

ഏതൊരു ജാതി-ജനവിഭാഗങ്ങളിലെ സ്ത്രീകൾ കുടുംബത്തിൻെറ നിതൃവൃത്തി നടത്തുവാൻ ആവശ്യമായ വേതനത്തിനായി കാർഷിക വൃത്തിയിലൊ കായിക അദ്ധ്വാന പ്രവർത്തികളിലൊ വ്യാപൃതരാകുന്നുവൊ ആ വിഭാഗത്തെ പിന്നോക്ക വിഭാഗമായി കണക്കാക്കുന്നു.

ഏതൊരു ജാതി-ജനവിഭാഗത്തിലെ കുട്ടികൾ പൊതുവെ കുടുംബത്തിൻെറ നിത്യവൃത്തിക്ക് വേണ്ടുന്ന വരുമാനം പര്യാപ്തമാകാത്ത അവസ്ഥയിൽ പരിപൂരകമായി കാർഷിക വൃത്തിയിലൊ കായിക അദ്ധ്വാന പ്രവർത്തികളിലൊ ഏർപ്പെടുന്നുവോ ആ വിഭാഗത്തെ പിന്നോക്ക വിഭാഗമായി കണക്കാക്കുന്നു.

ജാതിവ്യവസ്ഥയിൽ പാരമ്പര്യ തൊഴിലുകളെ നീച വൃത്തിയായി കണ്ടിരുന്നുവൊ, മാന്യത കല്പിക്കാതിരുന്നിരുന്നുവൊ അത്തരം തൊഴിലുകൾ പാരമ്പര്യമായി ചെയ്തുവരുന്ന ജനവിഭാഗങ്ങളെ പിന്നോക്ക വിഭാഗങ്ങളായി കണക്കാക്കുന്നു.

ദേശാന്തരഗമനം നടത്തുന്നവരും അർദ്ധ-ദേശാന്തരഗമനം നടത്തുന്നവരുമായ (സ്ഥിരം വീടും കുടുംബവും ഇല്ലാത്ത) സമുദായങ്ങളേയും വിമുക്ത ജാതിക്കാരേയും പിന്നോക്ക ജാതികളായി പരിഗണിക്കുന്നു.

സംസ്ഥാന നിയമ സഭയിലൊ ജില്ലാ-പഞ്ചായത്ത് തലങ്ങളിലെ സ്വയം ഭരണ സ്ഥാപനങ്ങളിൽ പ്രാതിനിധിത്വമില്ലാത്ത ജനവിഭാഗങ്ങളെ പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുത്തുന്നു.

## വിദ്യാഭ്യാസം:

സംസ്ഥാന തലത്തിൽ അഥവാ ജില്ലാതലത്തിൽ ഏതൊരു ജാതി-സമുദായത്തിൻെറ സാക്ഷരതത്വം ചുരുങ്ങിയ പക്ഷം എട്ടു ശതമാനത്തിൽ കുറവാണെങ്കിൽ -

സംസ്ഥാന തലത്തിൽ അഥവാ ജില്ലാ തലത്തിൽ ഏതൊരു ജാതി-സമുദായത്തിൻെറ വിദ്യാഭ്യാസ നിലവാരം പത്താം തരത്തിൽ 20 ശതമാനത്തിൽ കുറവാണെങ്കിൽ -

സംസ്ഥാന തലത്തിൽ അഥവാ ജില്ലാ തലത്തിൽ ഏതൊരു ജാതി-സമുദായത്തിൻെറ വിദ്യാഭ്യാസ നിലവാരം ബിരുദം (ഗ്രാജേഷൻ) 20 ശതമാനത്തിൽ കുറവാണെങ്കിൽ -

ഈ വിഭാഗങ്ങളെ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ജാതി-സമുദായമായി പരിഗണിക്കുന്നു.

## സാമ്പത്തികം

ജാതി-സമുദായങ്ങളുടെ ഇടയിൽ ഭൂരിപക്ഷവും കുടിലുകളിൽ താമസിക്കുന്നവർ.

സംസ്ഥാന സർക്കാരിൻെറ Agricultural Land Ceiling Act നിയമ പ്രകാരം കൃഷി ഭൂമി ലഭിക്കാത്തവർ അഥവാ നാമമാത്രമായി ലഭിച്ചവർ.

സർക്കാർ ഉദ്യോഗങ്ങളിൽ ഗ്രൂപ്പ് എ-ബി എന്നി തസ്തികകളിലും ക്ളാസ് 1, ക്ളസ് 2 എന്നി തസ്തികകളിലും ജനസംഖ്യക്ക് ആനുപാതികമായി തൊഴിൽ ലഭിക്കാത്ത ജാതി-സമുദായങ്ങൾ. ( കേന്ദ്ര സർക്കാരിൻെറ തൊഴിൽ മേഖലകളിൽ ഇത് ബാദകമാണ്)

പൊതുവെ കൈത്തൊഴിൽ, മത്സ്യബന്ധനം,നായാട്ട്, പക്ഷി പിടുത്തം, കാർഷീക വൃത്തി, ദിവസ കൂലിപ്പണി, കല്ലൊടയ്ക്കൽ, ഉപ്പു നിർമ്മാണം, കക്ക നീറ്റൽ, കള്ളു ചെത്തൽ, കന്നുകാലി വളർത്തൽ, മുടി വെട്ടുക, കശാപ്പു ചെയ്യുക(ഇറച്ചി വ്യാപാരം), തുണി അലക്കുക, വഞ്ചി തുഴയുക, കല്ലുകൊത്തുക, കത്തി ഉണ്ടാക്കുക, ആട്ടവും പാട്ടുമായി ജനങ്ങളെ ആനന്ദിപ്പിക്കുക, ഞാണിന്മേൽ കളി അഥവാ കായിക അഭ്യാസം, ഭിക്ഷ യാചനം, പരിചാരക വൃത്തി എന്നിവ പരമ്പരാഗതമായി ചെയ്തുവരുന്ന ഏതൊരു വിഭാഗത്തേയും മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുത്തുവാനും നിലനിർത്തുവാനും ഭരണ ഘടന പ്രകാരം സംസ്ഥാന സർക്കാർ നിബന്ധനകൾ നിർമ്മിച്ചിട്ടുണ്ട്.

80 ശതമാനം സാമൂദായിക പിന്നോക്കാവസ്ഥക്കും പത്തു ശതമാനം വീതം വിദ്യാഭ്യാസം, സാമ്പത്തികം എന്നിവക്കുമാണ് ജാതിയ-സാമുദായിക പിന്നോക്കാവസ്ഥ തിട്ടപ്പെടുത്തുന്നതിന് സംസ്ഥാന പിന്നോക്ക് വിഭാഗ കമ്മീഷൻ മുൻ തൂക്കം നൽകുന്നത്.

മുകളിൽ വിവരിച്ച സാമൂഹിക, വിദ്യാഭ്യാസ, സാമ്പത്തിക നിബന്ധനകൾക്ക് അനുസരണമായിട്ടാണ് ഒരു സമുദായത്തെ മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുത്തണമോ വേണ്ടയോ എന്ന് പിന്നോക്ക വിഭാഗ കമ്മീഷൻ സർക്കാരിന് ശുപാർശ ചെയ്യുക. ഈ വിഷയത്തിൽ പിന്നോക്ക കമ്മീഷൻെറ ശുപാർശയാണ് അന്തിമ തീരുമാനത്തിന് സർക്കാർ ആധാരമായി എടുക്കുക.

കളരിക്കുറുപ്പ് കളരിപ്പണിക്കർ എന്ന ശസ്ത്രശാസ്ത്രാദികളിൽ നിപുണരും പണ്ഡിതരും കളരി ആയോധന ആചാര്യന്മാരുമായിരുന്ന മുൻ തലമുറക്കാരുടെ പിന്തലമുറക്കാരായ ജ്യോതിഷം കൈകാര്യം ചെയ്തുവരുന്ന ഈ വിഭാഗം പിന്നോക്ക വിഭാഗത്തിൽ മുകളിൽ പ്രതിപാദിച്ച ഏതു നിബന്ധനകൾക്കനുസരണമായിട്ടാണ് ഓ.ബി.സി. പട്ടികയിൽ നിലനിൽക്കുന്നത് എന്ന വിചിന്തനം നടത്തുന്നത് നന്നായിരിക്കും.

കളരിക്കുറുപ്പ് കളരിപ്പണിക്കർ എന്ന ജനവിഭാഗത്തിൻെറ സാമൂഹിക-ജാതിയ സ്ഥാനം എന്ത്? സംസ്ഥാനത്തെ മൊത്തം ജനസംഖ്യക്ക് ആനുപാദികമായി സമുദായത്തിൻെറ ജനസംഖ്യ എന്താണ്? സമുദായം വിദ്യാഭ്യാസ മേഖലയിൽ എവിടെ നിൽക്കുന്നു? ജ്യോതിഷം എത്രപേർ കൈകാര്യം ചെയ്യുന്നുണ്ട്? സമുദായത്തിൻെറ ജനസംഖ്യയിൽ എത്ര ശതമാനമാണ് ജ്യോതിഷം കൈകാര്യം ചെയ്യുന്നവർ? കൂലിവേല ചെയ്യുന്നവരും അദ്ധ്വാന പ്രവർത്തികൾ ചെയ്യുന്നവരും എത്ര പേർ? കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ ഉദ്യോഗസ്ഥരായവർ എത്രപേർ? എന്നിങ്ങനെയുള്ള കണക്കുകളൊന്നും തന്നെ ശേഖരിക്കാതെ, അന്ധമായി രാഷ്ട്രീയ വീക്ഷണത്തോടെ കുറുക്കുവഴികളിലൂടെ സമുദായത്തെ പിന്നോക്കാവസ്ഥയിൽ നിന്നും പിടിച്ചുയർത്തുകയെന്ന ഉദ്ദേശത്തൊടെ പരക്കം പായുന്നത് ശാസ്ത്രീയമായ പദ്ധതികളല്ലായെന്ന് തോന്നുന്നു. എന്തിനു ം ഒരു ശാസ്ത്രീയ അടിസ്ഥാനം അനിവാര്യമാണ്.

Kalary.com

# നാല്പത്തീരടി കളരിക്കുടയോരും ജ്യോതിഷ വിഭാഗവും

കോരപ്പുഴക്ക് തെക്കും ആലുവ പുഴക്കു വടക്കുമായി നാല്പത്തീരടി കളരി സംസ്കാരം ആചരിക്കുന്ന, അനുഷ്ഠിക്കുന്ന കളരിക്കുറുപ്പ് കളരിപ്പണിക്കരുടെയും പ്രാചീന കാലം മുതൽ ജ്യോതിഷ പ്രവചനം കൈകാര്യം ചെയ്തുവരുന്ന ജ്യോതിഷ വിഭാഗത്തിൻെറയും സാംസ്കാരിക ചരിത്രത്തിലൂടെ അല്പ ദൂരം സഞ്ചാരം.

കോരപ്പുഴക്കും തെക്ക് പാലക്കാട് ഉൾപ്പെടുന്ന ദക്ഷിണ മലബാർ പ്രദേശത്തും ആലുവ പുഴക്ക് (പെരിയാർ പുഴക്ക്) വടുക്ക് പഴയ കൊച്ചി രാജ്യത്തിൻെറ വടക്കു ഭാഗത്തെ പ്രദേശങ്ങളിലും ഒരു നൂറ്റാണ്ടു മുമ്പുവരെ എന്തുകൊണ്ടാണ് ജ്യോതിഷം കുലത്തൊഴിലായും മുഖ്യജീവിതോപാധിയായും കൈകാര്യം ചെയ്തുവന്നിരുന്ന കണിയാൻ അഥവാ ഗണകൻ എന്ന ജനവിഭാഗത്തെ കാണാതിരിക്കുന്നത്? കോരപ്പുഴക്കു വടക്കും പെരുമ്പുഴക്കു(വണ്ണാത്തി പുഴ) തെക്കുമായി കളരികളില്ലാത്ത പണിക്കർ വിഭാഗത്തെ കാണാം. ഇക്കൂട്ടരെ വടക്കൻ പണിക്കർ എന്നാണ് കളരികളുള്ള പണിക്കന്മാർ അടുകാലംവരെ വിളിച്ചിരുന്നത്. എന്തുകൊണ്ടാണ് ഈ വടക്കൻ പണിക്കന്മാർക്ക് നാല്പത്തീരടി കളരികളില്ലാതിരുന്നത്?

ഉത്തരകേരളത്തിലേയും ദക്ഷിണ കേരളത്തിലേയും കളരികളില്ലാത്ത പണിക്കരടക്കമുള്ള കണിയാൻ/ഗണക വിഭാഗത്തിൻെറ ജനജീവിതം , ജനസംസ്കാരം, കൂലധർമ്മം, ഉപതൊഴിലുകൾ, കലാപൈതൃകം എന്നിവക്ക് സമാനത കാണുന്നുണ്ട്. എന്നാൽ മധ്യകേരളത്തിലെ കളരിക്കുറുപ്പ് കളരിപ്പണിക്കർ എന്ന വിഭാഗത്തിൻെറ സംസ്കാരം, ആചാരാനുഷ്ഠാനങ്ങൾ, കളരി പാരമ്പര്യം എന്നിവയുമായി കണിയാൻ വിഭാഗത്തിന് നേരിട്ട് ബന്ധമുള്ളതായി കാണുന്നില്ല. ജ്യോതിഷം ഇരുവിഭാഗങ്ങളും പിൽക്കാലങ്ങളിൽ മുഖ്യജീവിതോപാധിയായി കൈകാര്യം ചെയ്തു വരുന്ന തൊഴിൽ എന്നതൊഴിച്ചാൽ ഭാഷ, സംസ്കാരം, ആചാരാനുഷ്ഠാനങ്ങൾ എന്നിവയിൽ സമാനത കാണുന്നില്ല. കളരിക്കുറുപ്പ് കളരിപ്പണിക്കർ വിഭാഗം കണിയാൻ വിഭാഗത്തിൻെറ ഉപവിഭാഗമാണെങ്കിൽ ഉത്തര-ദക്ഷിണ കേരളത്തിലെ കണിയാന്മാർ ആയോധന പാരമ്പര്യത്തിൻെറ കാര്യത്തിൽ എന്തുകൊണ്ടാണ് സമാനത പുലർത്താതിരിന്നത്. ദക്ഷിണ കേരളത്തിലും യുദ്ധവും ആയുധ ഉപയോഗവും ഉണ്ടായിരുന്നു. ദക്ഷിണ കേരളത്തിലെ ആയോധന വിദ്യയെ തെക്കൻ സമ്പ്രദായം എന്നാണ് പറഞ്ഞരുന്നത്. അഗസ്ത്യമുനിയുടെ കയ്യിൽ നിന്നുമാണ് ഈ വിദ്യ ദക്ഷിണ കേരളത്തിൽ പ്രചാരത്തിലായതെന്ന വിശ്വാസം നിലനിൽക്കുന്നുണ്ട്.

അത്യുത്തര കേരളത്തിൽ ആയോധന വിദ്യയുമായി ബന്ധപ്പെട്ട കണിയാൻ കുടുംബങ്ങൾ ഉണ്ടായിരുന്നുവെന്ന് പറയപ്പെടുന്നു. ഈ അപവാദപരമായ (exceptional case)ഒന്ന് ചൂണ്ടികാട്ടി കണിയാന് കളരി ആയോധന പാരമ്പര്യമുണ്ടായിരുന്നുവെന്ന് സമർത്ഥിക്കുവാൻ നോക്കുന്നത് വാസ്തവത്തിന് നിരക്കുന്നതല്ല. കാരണം അത്യുത്തര കേരളത്തിൽ ഈഴവർ, ആശാരി മുതൽ പുലയർ വരെയുള്ള ജനവിഭാഗങ്ങൾക്ക് കളരികൾ ഉണ്ടായിരുന്നുവെന്നും അവർ കളിരി ആയോധന പരിശീലനം നടത്തിയിരുന്നവെന്നും വടക്കൻ പാട്ടുകളിൽ കാണുന്നുണ്ട്. കോരപ്പുഴ വിലക്ക് എന്ന ജാതിയാചാരവും കോരപ്പുഴക്ക് വടക്ക് നിലനിന്നിരുന്ന സാമൂഹിക-സാംസ്കാരിക സ്ഥാനമാനങ്ങളും പരിശോധിക്കുന്നവർക്ക് ഈ പ്രദേശങ്ങളിലെ ഉയർന്ന സംസ്കാരത്തിൻെറ കാരണം വ്യക്തമാകും. അത്യുത്തര കേരളത്തിലേയും ഉത്തര മലബാറിലേയും കണിയാൻ വിഭാഗത്തേക്കാൾ സാമൂഹികമായി കളരികളുൺടോയിരുന്ന പണിക്കർ/കുറുപ്പ് വിഭാഗത്തിന് സാമൂഹികമായി സ്ഥാനം ഉണ്മടായിരുന്നു വെന്നത് അനിഷേധ്യമായ ഒന്നാണ്.

ആലുവ പുഴയുടെ തെക്കേതീരത്തു സ്ഥിതിചെയ്യുന്ന കടുങ്ങല്ലൂർ എന്ന ദേശത്ത് നരസിംഹ സ്വാമിയുടെ ഒരു ബ്രാഹ്മണ ക്ഷേത്രമുണ്ട്. ഈ ക്ഷേത്രത്തിന് അധികം ദൂരത്തല്ലാതെ ആലുവ പുഴക്ക് വടക്കായി ചൊവ്വര കളരിയും വള്ളുവള്ളി കളരിയും സിഥിതിചെയ്യുന്നു. കണിയാൻെറ അവാന്തര വിഭാഗമാണ് കളരിക്കുറുപ്പ് എന്നുണ്ടെങ്കിൽ ഈ ക്ഷേത്രത്തിൽ കണിയാൻ അനുഷ്ഠിക്കേണ്ട ഒരു ആചാരാനുഷ്ഠനങ്ങൾക്കായി അഥവാ ദേശാവകാശത്തിനായി എറണാകുളത്തിനു തെക്കുള്ള ഒരു കണിയാൻ കുടുംബത്തെ ഈ പ്രദേശത്തേക്ക് ബ്രാഹ്മണർ കൊണ്ടുവരുകയും താമസിപ്പിക്കുയും ചെയ്തു. ആ കുടുംബത്തിലെ പിൻഗാമികൾ ഇന്നും കണിയാൻകുന്ന് എന്ന് അറിയപ്പെടുന്ന പ്രദേശത്താണ് വസിക്കുന്നുണ്ട്. കണിയാൻ ചെയ്തിരുന്ന ആചാരാനുഷ്ഠാനങ്ങൾ കളരിക്കുറുപ്പ് അനുഷ്ഠിച്ചിരുന്നുവെങ്കിൽ എന്തുകൊണ്ടാണ് ക്ഷേത്രത്തിന് അധികം ദൂരത്തല്ലാതിരുന്ന ചൊവ്വര കളരിയ അംഗങ്ങളേയൊ വള്ളുവള്ളി കളരി അംഗങ്ങളേയൊ ഈ ക്ഷേത്രത്തിൻെറ പുജാവിധികൾക്ക് ആവശ്യമായി വന്നിരുന്ന കാര്യങ്ങൾക്കായി ഏർപ്പെടുത്താതിരുന്നത്?

ഉത്തര-അത്യുത്തര കേരളത്തിലെ തിയ്യർ അഥവാ ഈഴവർ എന്ന വിഭാഗത്തിന് നൂറ്റാണ്ടുകളായി ആയോധന പാരമ്പര്യത്തിൻെറ ചരിത്രം വടക്കൻ പാട്ടുകളിലൂടെ വീര സാഹസികതയിലൂടെ പറയുവാനുണ്ട്. ദക്ഷിണ കേരളത്തിലെ ഈഴവ വിഭാഗത്തിനും ആയോധന വിദ്യയുടേയും ആയുധ പാരമ്പര്യത്തിൻേറയും സൂചനകൾ ചൂണ്ടികാട്ടുവാനുണ്ട്. തിരുവിതാംകൂർ ഭാഗത്തെ പല നാട്ടു രാജാക്കന്മാരുടേയും പടകളിൽ ഈഴവ യോദ്ധാക്കളുണ്ടായിരുന്നു. അതേപൊലെ തിരുവിതാംകൂർ ദേശത്തെ നാട്ടു രാജാക്കന്മാരും ദേശവാഴികളഉം തിരുവിതാംകൂർ മഹാരാജാവും ദക്ഷിണ കേരളത്തിലെ ഗണക വിഭാഗത്തിൻെറ വൈദ്യ പാരമ്പര്യവും ജ്യോതിഷ പാരമ്പര്യവും ആദരവുപൂർവ്വം ഉപയോഗപെപ്ടുത്തിയിരുന്നു.

ഈഴവർ പണ്ടുകാലങ്ങളിൽ തെങ്ങു വളർത്തലും കള്ളുചെത്തലും കൂലിവേലയുമായിരുന്നു മുഖ്യതൊഴിലുകളായി വർത്തിച്ചിരുന്നത്. അംഗസംഖ്യയിൽ ഗണനീയമായിരുന്നതിനാൽ കൂട്ടംകൂട്ടമായി വസിച്ചിരുന്ന ഈഴവർക്ക് തണ്ടാൻ സ്ഥാനിയായി രാജാവിന് തിരുമുൾ കാഴ്ചവെച്ച് സ്ഥാനം വാങ്ങിയിരുന്നു. ഈ വിഭാഗത്തിന് ആയോധന വിദ്യയിൽ പാരമ്പര്യമുണ്ടായിരുന്നുവെന്നതിന് തെളിവായി ഉത്തര-അത്യുത്തര കേരളത്തിലും ദക്ഷിണ-മധ്യകേരളത്തിലും വസിച്ചിരുന്ന ഈഴവരിൽ പലരും ആയോധന വിദ്യ അഭ്യസിച്ചിരുന്നവരും സൈന്യത്തിൽ ആയുധം ഉപയോഗിക്കുവാൻ സന്നദ്ധരുമായിരുന്നു വെന്നത് ചൂണ്ടികാട്ടാം.

കേരളത്തിൽ ആയുധവമായി ബന്ധപ്പെട്ട് അറിയപ്പെട്ടിരുന്ന ഒരു ജനവിഭാഗമാണ് വിൽക്കുറുപ്പ്. ഇക്കൂട്ടർ ജാതി ശ്രേണിയിൽ നായരിൽ താഴ്ന്നവരെ ആയുധ ഉപയേഗാം പരിശീലിപ്പിച്ചിരുന്നുവെന്ന് നരവംശ ചരിത്രകാരനായ ആനന്തകൃഷ്ണ അയ്യർ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വിഭാഗവും പണ്ടുകാലം മുതൽക്കേ ഓലക്കുടകെട്ടൽ ആചാരവും ഉപതൊഴിലുമായി കൈകാര്യം ചെയ്തിരുന്നു. കേരളത്തിലെ പല ക്ഷേത്രങ്ങളിലേക്കും ജന്മി തറവാടുകളിലേക്കും കുട സമർപ്പണം ഈ വിഭാഗം ചെയ്തിരുന്നു. ഉത്തര കേരളത്തിലും ദക്ഷിണ കേരളത്തിലും മധ്യകേരളത്തിലും ഈ വിഭാഗം ആയുധവും ആയുധ ഉപയോഗ പരിശീലനവും കുടകെട്ടലും ദേശഭേദമന്യേ ചെയ്തുവന്നിരുന്നു. എന്നാൽ ജ്യോതിഷം ബുദ്ധിപ്രവർത്തികൾ ഈ വിഭാഗം ചെയ്തിരുന്നില്ല.

മധ്യകേരളത്തിൽ ജ്യോതിഷം കൈകാര്യം ചെയ്തിരുന്നത് കളരിക്കുറുപ്പ് കളരിപ്പണിക്കർ എന്ന ജനവിഭാഗമായിരുന്നു. ഈ പ്രദേശങ്ങളിൽ പെരുമാക്കാൻ മാരുടെ കാലത്തും പിന്നീടും നാല്പത്തീരടി കളരികൾ കെട്ടി ആയോധന വിദ്യയും അക്ഷര വിദ്യയും പരിശീലിപ്പിച്ചിരുന്നത് പണിക്കർ-കുറുപ്പ് വിഭാഗക്കാരായിരുന്നു. ജ്യോതിഷം കൈകാര്യം ചെയ്തിരുന്നുവെന്നത് ചൂണ്ടികാട്ടി ഈ വിഭാഗം പ്രചീന ജ്യോതിഷ വിഭാഗത്തിൻെറ അവാന്തര വിഭാഗമാണെന്ന് സമർത്ഥിക്കുന്നതിനോട് ചരിത്രപരമായി യോജിക്കുവാൻ കഴിയുകയില്ല.

ഇന്നു കേരളത്തിൽ കണ്ടുവരുന്ന ബ്രാഹ്മണരൊഴികെ സമസ്ത ജനവിഭാഗങ്ങളും ദ്രാവിഡ സംസ്കാരം ആചാരിക്കുന്നുണ്ട്. സമാന ആചാരാനുഷ്ഠാനങ്ങളും പരിപാലിക്കുകയും ഒരേ തൊഴിൽ കൈകാര്യം ചെയ്തുവരുന്ന വിഭാഗങ്ങൾ പരസ്പരം സഹോദര വിഭാഗങ്ങളാണെന്ന് വിശ്വസിക്കുന്നതിൽ തെറ്റില്ലതാനും.

കേരളത്തിൽ ഇന്നു കാണുന്ന പുരോഹിത വർഗ്ഗമായ ബ്രാഹ്മണരൊഴികെ മറ്റെല്ലാ ജനവിഭാഗങ്ങളും തദ്ദേശവാസികളായിരുന്ന ദ്രാവിഡ വിഭാഗങ്ങളുടെ പിൻഗമികളാണെന്ന് നിസംശയം പറയാം. ബ്രഹ്മണാധിപത്യത്തിനു ശേഷം ദ്രാവിഡ വിഭാഗങ്ങൾ ആര്യബ്രാഹ്മണാചാരങ്ങൾ ദ്രാവിഡാചാരങ്ങളിൽ സമന്വയിപ്പിച്ചിട്ടുണ്ട്. ഇന്ന് കേരളത്തിൽ കാണുന്ന സമസ്ത ജനവിഭഗങ്ങളഉം ഒരുതരത്തിലല്ലായെങ്കിൽ മറ്റൊരു തരത്തിൽ ബ്രാഹ്മണാചാരങ്ങൾ അനുഗമിക്കുന്നതായി കാണാം. ഉദാഹരണത്തിന് ദ്രാവിഡാചാര പ്രകാരം പാണിഗ്രഹണം എന്ന ചടങ്ങ്ുണ്ടായിരുന്നില്ല. ഈ ചടങ്ങൾ കേരളീയർ സ്വീകരിച്ചത് ആര്യബ്രാഹ്മണാചാരങ്ങളിൽ നിന്നുമാണ്. താലുകെട്ടൽ മാത്രമായിരുന്ന ഒരുകാലത്ത് ദ്രാവിഡർ വിവാഹത്തിൻെറ പ്രധാന ചടങ്ങായി കരുതിയിരുന്നത്.

Kalary.com

## വിദ്വാൻ രാമക്കൃഷ്ണ പണിക്കർ, പെരിങ്ങാട്



തൃശ്ശൂർ ജില്ലയിൽ തിരുനെല്ലൂർ പെരിങ്ങാട് ദേശത്ത് പെരിങ്ങാട് കിഴക്കൂട്ട് കളരിക്കൽ അപ്പുപ്പണിക്കരുടേയും മാധവിക്കുട്ടി പണിക്കത്യാരുടേയും മകനായി 1931 ആഗസ്റ്റ് 12 ന് ജനനം. പിതാവിൽ നിന്നും അക്ഷര വിദ്യയും ജ്യോതിഷ ശാസ്ത്രവും പഠിച്ച്, പാവർട്ടി സാഹിത്യദീപിക സംസ്കൃത കോളേജിൽ നിന്നും സംസ്കൃതം പഠിച്ചു. തുടർന്ന് 1957ൽ മദ്രാസ് യൂണിവേഴ്സിറിറയിൽ ന്നും സംസ്കൃതം വിദ്വാൻ പരീക്ഷയിൽ വിജയിച്ചു.

1957 മുതൽ 1987 വരെ ബി.ഇ.എം. ഹൈസ്ക്കൂളിൽ സംസകൃതം, മലയാളം അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു. 1988 മുതൽ ഗുരുവായൂർ കിഴക്കേ നടയിൽ ശ്രീ കൃഷ്ണ ജ്യോതിഷ വിദ്യാനിധാം എന്ന ജ്യോതിഷ പഠന കേന്ദ്രം നടത്തി വരുന്നു.

ജാതക ഗണിതകല, മുഹൂർത്ത സംഗ്രഹം, ജാതകാദേശം,ജ്യോതിശ്ശാസ്ത്രമുഖം, ദാമ്പത്യാന്വയം എന്ന ഗ്രന്ഥങ്ങൾ ഡി.സി. ബുക്ക്സും ഹോരാശാസ്ത്രം, പ്രശ്നമാർഗ്ഗം ഭാഷാ സംഗ്രഹം എന്നി ഗ്രന്ഥങ്ങൾ മാതൃഭൂമിയും പ്രസിദ്ധീകരിച്ചു.

ഇദ്ദേഹത്തിൻെറ ഈ ജ്യോതിഷ ഗ്രന്ഥങ്ങൾ ഇന്ന് ജ്യോതിഷ വിദ്യാർത്ഥികളും ജ്യോത്സ്യന്മാരും പാഠ്യ പുസ്തകമായി അഥവാ റഫറൻസ് ബുക്കുകളായി ഉപയോഗിച്ചുവരുന്നു.

കളരി പണിക്കർ വെൽഫയർ സംഘം കോയമ്പത്തൂർ ഇദ്ദേഹം ജ്യോതിശ്ശാസ്ത്രത്തിന് നൽകിയ സംഭാവനകളെ കണക്കിലെടുത്ത് 2010ൽ പൊന്നാടയണിയിച്ച് ആദരിച്ചു.

ജ്യോതിശ്ശാസ്ത്ര പണ്ഡിതനായ ഇദ്ദേഹത്തെ കളരി ഡോട്ട് കോം ആശംസിക്കുന്നു. ഇദ്ദേഹത്തിന് ആയൂർ-ആരോഗ്യ സൗഖ്യത്തിനായി പ്രാർത്ഥിക്കുന്നു. (ഫോൺ.0487-264108) - കളരി ഡോട്ട് കോം

## ആദരണീയനായ കളരി ആചാര്യൻ പള്ളിക്കര വെളയാട് കളരിക്കൽ മാത്തുണ്ണി പണിക്കർ

മലപ്പുറം ജില്ലയിലെ വെളയട് ദേശത്തെ കളരിക്കൽ മാത്തുണ്ണി പണിക്കർ കളരിപ്പയറ്റിലും ഉറുമി പയറ്റിലും അതീവ പ്രഗത്ഭനായിരുന്നു. വികെഎം കളരി എന്ന പേരിൽ ഒരു കളരി ആയോധന പരിശീലന കേന്ദ്രം അദ്ദേഹം നടത്തിയിരുന്നു. ദക്ഷിണ മലപ്പുറത്തേയും ഉത്തര തൃശ്ശൂർ ഭാഗത്തേയും അറിയപ്പെട്ട ഒരു കളരി ഗുരുവായിരുന്നു ഇദ്ദേഹം. ഇദ്ദേഹത്തിൻെറ കളരിയിൽ നിന്നും കളരി പരിശീലിച്ച അനവധി ശിഷ്യന്മാരുണ്ട്. ശ്രീ പുരുഷോത്തമൻ കളരിക്കൽ (യുഎ.ഇ)യുടെ കളരി ഗുരുനാഥൻ ഈ കളരി ആചാര്യൻെറ ശിഷ്യനാണ്.



കേരള സംസ്ഥാന സർക്കാർ മഹാചാര്യപട്ടം നൽകി ഇദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്.

എം.കെ. കമലാക്ഷി ഭാര്യയും ശ്രീ ലത, ശ്രീദേവ്, ശ്രീജിൽ, ശ്രീദത് എന്നിവർ മക്കളാണ്.

കളരി ഡോട്ട് കോം ഈ അതുല്യ പ്രതിഭയെ, കളരി ആചാര്യനെ , കളരി ഗുരുനാഥനെ നമിക്കുന്നു.

## അല്പ സംഖ്യരായ ന്യൂനപക്ഷങ്ങൾ വഞ്ചിക്കപ്പെടുന്നു

ആരൊക്കെയാണ് ന്യൂനപക്ഷ നിർവ്വചനത്തിൽ വരുന്നവർ? അഥവാ അല്പ സംഖ്യരായ സമുദായങ്ങൾ? സർക്കാർ ന്യൂനപക്ഷങ്ങൾക്ക് വാരിക്കോരി സംവരങ്ങളും ആനുകൂല്യങ്ങളും നൽകി വരുന്നുണ്ട്. കൃസ്ത്യൻ, മുസ്ളിം വിഭാഗങ്ങളെയാണ് സർക്കാർ ന്യൂനപക്ഷായി അംഗീകരിച്ചിരിക്കുന്നത്. ഹൈന്ദവ വിഭാഗങ്ങളിൽ ഉൾപ്പെട്ട അല്പ സംഖ്യരായ സമുദായങ്ങളെ സംസ്ഥാന സർക്കാർ ന്യൂനപക്ഷങ്ങളായി പരിഗണിക്കുന്നില്ല. ഹിന്ദു വിഭാഗങ്ങളിലെ എട്ടാം പട്ടികയിൽ 80-ഓളം വരുന്ന ജാതി-സമുദായങ്ങളും ഉപജാതി-സമുദായങ്ങളും സത്യത്തിൽ ന്യനപക്ഷമായി അംഗീകരിക്കേപ്പെടേണ്ടവരാണ്. എൺപതോളം വരുന്ന ഈ അല്പ സംഖ്യരായ ജനവിഭാഗങ്ങളിൽ കളരിക്കുറുപ്പ് കളരിപ്പണിക്കർ എന്നി വിഭാഗവും ഉൾപ്പെടുന്നു.

2012 ഡിസംമ്പർ 18 സർക്കാർ ന്യൂനപക്ഷ അവകാശ ദിനമായി കൊണ്ടാടി. ന്യൂനപക്ഷങ്ങളായി അംഗീകരിക്കപ്പെടേണ്ട വിഭാഗങ്ങൾ സംസ്ഥാനത്ത് അവഗണിക്കപ്പെടുകയാണ്. കേരളത്തിൽ ഏറ്റവും അവഗണിക്കപ്പെടുന്ന അല്പ സംഖ്യരായ ജനവിഭാഗം വീരശൈവർ എന്ന വിഭാഗമാണെന്ന് ആൾ ഇന്ത്യാ വീരശൈവ മഹാസഭയുടെ ദേശീയ അദ്ധ്യക്ഷൻ ഡോ. ഷമന്നൂർ ശീവശങ്കരൻ അഭിപ്രായപ്പെട്ടു. അല്പ സംഖ്യരായ ഈ വിഭാഗത്തിന് 20 ലക്ഷത്തോളം അംഗബലം ഉണ്ടായിട്ടും കേരളത്തിലെ രാഷ്ട്രീയ-ഭരണ മേഖലകളിൽ ചെറിയ പ്രാതിനിധ്യം ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടില്ലായെന്ന് അദ്ദേഹം അഭിപ്രയപ്പെട്ടു.

കേരള സർക്കാരിൻെറ നരംവശ ഗവേഷണ സ്ഥാപനമായ കിർടാഡ്സിൻെറ നിഗമനത്തിൽ ജ്യോതിഷം കൈകാര്യം ചെയ്തു വരുന്ന വിവിധ വിഭാഗങ്ങളുടെ അംഗ സംഖ്യ 1.5 ലക്ഷത്തോളമാണ്. മധ്യ കേരളത്തിൽ നൂറ്റാണ്ടുകളായി ഗ്രാമീണർ ആദരിക്കുന്ന, അംഗീകരിക്കുന്ന ഒരു ജനവിഭാഗമാണ് കളരിക്കുറുപ്പ് കളരിപ്പണിക്കർ എന്ന വിഭാഗം. ജീവിതോപാധിയെന്ന നിലയിൽ ഈ വിഭാഗം ജ്യോതിഷം കൈകാര്യം ചെയ്തുവരുന്നു. അല്പ സംഖ്യരായ ഈ ജനവിഭാഗം തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നി ജില്ലകളിലും കോഴിക്കോട്, എറണാകുളം എന്നി ജില്ലകളിൽ ഭാഗീകമായും വസിച്ചു വരുന്നു. ഈ ജനവിഭാഗത്തിന് നാല് സംസ്ഥാന തല സമുദായ സംഘടനകളുണ്ട്. അതിൽ പ്രാധാന്യമർഹിക്കുന്ന സംഘടനക്ക് ആറു പതിറ്റാണ്ടുകാലത്തെ സംഘടനാ പാരമ്പര്യം അവകാശപ്പെടുവാനുണ്ടെന്ന കാര്യം ശ്രദ്ധേയമാണ്.

കളരിക്കുറുപ്പ് കളരിപ്പണിക്കർ എന്ന ഈ സമുദായം വിദ്യാഭ്യാസപരമായും സാമ്പത്തികമായും സാമൂഹികമായും വളരെ താഴെത്തട്ടിൽ അഥവാ പിന്നോക്കാവസ്ഥയിലാണെന്ന് പറയുവാൻ കഴിയുകയില്ല. അക്ഷര ജ്ഞാനമില്ലാത്തവർ വളരെ അപൂർവ്വായി ഉണ്ടായെന്നിരിക്കാം. എന്നാൽ ഭൂരിപക്ഷവും അക്ഷര ജ്ഞാനമുള്ളവരാണ് സാമ്പത്തികമായി നോക്കിയാലും ദാരിദ്രരേഖക്കു താഴെ കഴിയുന്നവർ അംഗസംഖ്യയുടെ അനുപാതത്തിൽ വളരെ ചെറിയ ഒരു ശതമാനമേ ഉണ്ടാവുകയൊള്ളു. ദാരിദ്ര രേഖക്കു താഴെ കഴിയുന്നവരെ കണ്ടില്ലന്നു നടിക്കരുത്. സർക്കാരിൻെറ ആനുകൂല്യങ്ങളും സംവരണങ്ങളും ലഭിക്കേണ്ടതും ലഭിക്കുവാൻ പരിശ്രമിക്കേണ്ടതും അത്യാവശ്യം തന്നെ. എന്നാൽ സമുദായ സംഘടനകൾ ആർഭാടപരമായി കുടംബയോഗങ്ങൾക്കും വാർഷീക ആഘോഷങ്ങൾക്കുമായി ചിലവഴിക്കുന്ന ലക്ഷക്കണക്കിനു രൂപ ഈ പാവപ്പെട്ടവരുടെ ഉന്നമനത്തിനായി ചിലവഴിച്ചുകൂടെ?

കളരി ഡോട്ട് കോമിൻെറ 2011ൽ പ്രസിദാധികരിച്ച ന്യൂസ് ലെറ്ററിൽ ഒരു ദരിദ്രകുടുംബത്തിൻെറ കദന കഥ ഫോട്ടോ സഹിതം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത ഫോട്ടോ ലേഖനം വായിച്ച് കളരിക്കുറുപ്പ് കളരിപ്പണിക്കർ സമുദായ അംഗമായ ഒരു മറുനാടൻ മലയാളി (ഡൽഹി നിവാസി) സഹായ ഹസ്തങ്ങളുമായി മുന്നോട്ടു വന്നിരുന്നു. പ്രസ്തുത വിവിരം മാതൃ സംഘടനയെ അറിയിച്ചതുമാണ്. എന്നാൽ ഈ സഹായം ആ നിർദ്ദന കുടുംബത്തിന് ലഭ്യമാക്കുവാൻ വേണ്ടുന്ന കാര്യങ്ങൾ സംഘടന ചെയ്തില്ല. വിദ്യാഭ്യാസ മേഖലയിലും ഇത്തരത്തിൽ ഒരു അനുഭവം ഉണ്ടായിട്ടുണ്ട്.

സംഘടനകൾ വെറും സാംസ്കാരിക കൂട്ടായ്മകളേപ്പോലെ കുടംബ സംഗമങ്ങളിലും വാർഷീക ആഘോഷങ്ങളിലും മാത്രം ഒതുങ്ങി നിൽക്കാതെ സർക്കാരിൻെറ ആനൂകൂല്യങ്ങളെ മാത്രം ആശ്രയിക്കാതെ സ്വാശ്രയ ശീലത്തിന് ആരംഭം കുറിക്കുക. പുത്തൻ തലമുറയിൽ സ്വാശ്രയ ശീലം വളർത്തുവാൻ ശ്രമിക്കുക. ഏറ്റവും ആവശ്യമായി തീരുന്നത് പരസ്പര ധാരണയും കൂട്ടായ്മയും ഒന്നിച്ചു നിന്നു പ്രവർത്തിക്കുവാൻ ശ്രമിക്കുകയുമാണ്. സത്യത്തിൽ സംഘടനകൾ സ്വയം അറിയാതെ സമുദായത്തെ വഞ്ചിക്കുകയാണ് ചെയ്യുന്നത്.

Kalary.com

# കോഴിക്കോട് ജില്ലാ കുടുംബ സമ്മേളനം

കളരിക്കുറുപ്പ് കളരിപ്പണിക്കർ സംഘം കോഴിക്കോട് ജില്ലാ സമ്മേളനവും കുടുംബ സംഗമവും കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ ഒരുക്കിയ അരിക്കൂളങ്ങര സോമൻ പണിക്കർ നഗറിൽ നടന്നു. രാവിലെ നടന്ന സംഘടനാ സമ്മേളനം ജില്ലാ പ്രസിഡന്റ് ശ്രീ ശ്യാം കെ. അദ്ധ്യക്ഷത വഹിച്ചു.കെ.കെ.പി.എസ് സംസ്ഥാന പ്രസിഡന്റ് മണി മരത്താക്കര ഉദ്ഘാടനം ചെയ്തു. സന്ദീപ് കുറുപ്പ് സംഘടന വിശദീകരണം നടത്തി. സംസ്ഥാന സമിതി അംഗം പാണ്ടിക്കാട് വിശ്വനാഥൻ പണിക്കർ, ജില്ലാ സെക്രട്ടറി പി.കെ. അരവിന്ദൻ പണിക്കർ, ഡോകട്ർ വനമാലി, ശ്രീ ഹർഷൻ പണിക്കർ എന്നിവർ പ്രസംഗിച്ചു.

സമ്മേളനത്തോട് അനുബന്ധിച്ച് വനിതാ സമ്മേളനം എഴുത്തുകാരി എ.ജി.ഗീത ഉദ്ഘാടനം ചെയ്തു. കെ.ജി.ധന്യ കൃഷ്ണദാസ്, രേഖ ബാബു, സുജാത അനിൽ എന്നിവർ സംസാരിച്ചു. പൊതു സമ്മേളനം കോഴിക്കോട് ലോക സഭ അംഗം എം.പി. രാഘവൻ ഉദ്ഘാടനം ചെയ്തു. ആത്മീയ ആചാര്യൻ കെ.ബി.കെ. മേനോൻ വിശിഷ്ട അതിഥിയായിരുന്നു. മുകാല പ്രസവർത്തകരായ സർവ്വശ്രീ ബാലൻ പണിക്കർ, നല്ലൂർ രാമകൃഷ്ണ പണിക്കർ, രാജഗോപാലൻ പണിക്കർ , ഡോ.കെ.കെ. രാമകൃഷ്ണൻ എന്നിവരെ ചടങ്ങിൽ ആദരിച്ചു. ജില്ലാ പ്രസിഡന്റ് കെ.എസ്. ശ്യാം അധ്യക്ഷത വഹിച്ചു. എം.കെ. കൃഷ്ണദാസ് പണിക്കർ , പ്രദീപ്, ഉണ്ണി വിതനശ്ശേരി, എ.കെ. സുരേഷ് പണിക്കർ തുടങ്ങിയവർ പ്രസംഗിച്ചു. കുടുംബ സംഗമത്തിൽ നൂറിലധികം ആളുകൾ പങ്കെടുത്തു. തുടർന്ന് വിവിധ കലാപരിപാടികളും നടന്നു. (അവലംബം: സതീശൻ ടി.കെ.)

# ഓ.ബി.സി. – ഓ.ഇ.സി.

കേരള സംസ്ഥാനത്തെ ഓ.ബി.സി. വിഭാഗങ്ങളിൽ നിന്നും ചില വിഭാഗങ്ങളെ ഓ.ഇ.സി.പട്ടികയിൽ ഉൾപ്പെടുത്തി പട്ടികജാതി -പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ മേഖലയിൽ നൽകിവരുന്ന ആനുകൂല്യങ്ങളും സംവരണങ്ങളും നൽകുവാൻ കേരള സർക്കാർ വിവിധ സംഘടനകളുടെ നിവേദനങ്ങളെ അടിസ്ഥാനമാക്കി തീരുമാനിച്ചു.

കേരള സർക്കാരിന്റെ ഈ തീരുമാന പ്രകാരം സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ മേഖലകളിൽ 18-ജാതി(സമുദായങ്ങളുടെ) അവസ്ഥ പഠിക്കുവാനും ആവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുവാനുമായി പി.പി. ഗോപി യുടെ അദ്ധ്യക്ഷതയിൽ ഒരു ഏകാംഗ കമ്മീഷൻ ഇതിനായി നിയുക്തമായിട്ടുണ്ട്.

കളരി ഡോട്ട് കോം കളരിക്കുറുപ്പ് കളരിപ്പണിക്കർ വിഭാഗത്തെ ജ്ഞോതിഷം കൈകാര്യം ചെയ്തുവരുന്ന കണിയാൻ, കണിയാർ പണിക്കർ,ഗണൻ എന്നി വിങഭാഗങ്ങളോടെപ്പം നിർത്തി ഏകീകൃത ജാതി നാമം നൽകുന്നതിനേയും ഓ.ഇ.സി. പട്ടികയിൽ ഉളഅപ്പെടുത്തുന്നതിനോയും എതിർത്തുകൊണ്ട് കാര്യകാരണ സഹിതം നിവേദനം സർക്കാരിൽ സമർപ്പിച്ചു. പ്രസ്തുത കാര്യ കാരണ സഹിതമുള്ള നിവേദനം പി.പി. ഗോപി കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുകയും കമ്മീഷൻ വിവിധ സംസ്ഥാനങ്ങളിൽ കോർഡിനേറ്റർമാരുള്ള കളരി ഡോട്ട് കോമിനോട് സഹകരണം ഈ-മെയിലിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്.

കളരി ഡോട്ട് കോം സർക്കാരിന്റെ മുന്നിൽ കാര്യകാരണ സഹിതവും ചരിത്ര പ്രതിപാദനങ്ങളും നിയമ പ്രതിപാദനങ്ങളും വ്യക്തമായി അവതരിപ്പിച്ചതിന്റെ വെളിച്ചത്തിലാണ് കമ്മീഷന്റെ ഈ ആവശ്യപ്പെടൽ എന്നത് സന്തോഷാവഹമാണ്. കളരി ഡോട്ട് കോമിന്റെ ഈ ഉപലബ്ധിക്കു പിന്നിതാ സഹായസഹകരണങ്ങളും ധൈര്യവും നൽകിയ സംഘടനകൾക്കും വ്യക്തികൾക്കും കളരി ഡോട്ട് കോം നന്ദി രേഖപ്പെടുത്തുന്നു. എതൊന്നിനും വേണ്ടിയുമുള്ള പരസ്പര ധാരണയോടെയുള്ള പ്രവർത്തനത്തിന് തീർച്ചയായും ഫലം ഉണ്ടാകുമെനന്നതിന് ഉദാത്തമായ ഉദാഹരണമാണിത്.

കളരി ഡോട്ട് കോമിന്റെ കളരിക്കുറുപ്പ് കളരിപ്പണിക്ക്ര മസുദായത്തിന്റെ പുരോഗമനത്തിനായുള്ള ക്രിയാത്മകമായ കാര്യപരിപാടികൾക്ക് ഇനുയും ഏവരുടേയും സഹായസഹകരണം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ ഉപബ്ധി നമ്മുടെ ഓരോരുത്തരുടേയുമാണ്.

# കേരളക്കരയിലെ പ്രാചീന ജ്യോതിഷ വിഭാഗം

ചരിത്രകാലം മുതൽ തമിഴകത്ത് കാല വിതാന ഗണതവുമായി ബന്ധപ്പെട്ട് പ്രവചനം നടത്തിയിരുന്ന ഒരു വിഭാഗമാണ് അറിവോർ എന്നപേരിൽ അറിയപ്പെട്ടിരുന്ന ഇന്നത്തെ കണിയാൻ സമുദായത്തിന്റെ മുൻഗാമികൾ. ഇക്കൂട്ടർ അന്നുകാലങ്ങളിലെ പുരോഹിതരും പണ്ഡിതരുമായിരുന്നു. സംഘകാല കവികളിൽ പ്രശസ്തനായ പൊൻകുൻറൻ എന്ന കവി കണിയാൻ വിഭാഗക്കാരനായിരുന്നു. ഇദ്ദേഹത്തിന്റെ ജന്മദേശം ഇന്നത്തെ പൊൻകുന്നമായിരുന്നുവെന്നും ചരിത്ര ഭാഷാപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ട്.

***"കണിയാർ പണിക്കന്മാർ എന്ന വകക്കാരും മലയാളികൾക്കു ഗണിത ശാസ്ത്രത്തിൽ കുലഗുരുക്കളാണ്. ഇവർക്ക് ഉത്തമ ബ്രാഹ്മണരുടെ ഗൃഹങ്ങളിൽപോലും മുഹൂർത്തം വിധിക്കാനുള്ള അധികാരം കല്പിച്ചുകൊടുത്തിട്ടുണ്ട്."*** ഒരു നൂറ്റാണ്ടു മുമ്പ് എറണാകുളത്തു നിന്നും പ്രസിദ്ധീകരിച്ചിരുന്ന രസികരഞ്ജനി എന്ന സവർണ്ണപരമായ മാസികയിൽ "നമ്പൂരിമാരും മറ്റു ജാതികളു" എന്ന ശീർഷകത്തിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ നിന്നും എടുത്തതാണ് ഈ ഉദ്ധരണി. സവർണ്ണപരമായ പ്രസിദ്ധീകരണങ്ങളിൽ വളരെ അപൂർവ്വമായിട്ടെങ്കിലും ഗണക കുലഗുരുക്കളെ പ്രശംസിച്ചു പറയുന്നുണ്ട്. എന്നാൽ ഈ വിഭാഗം സ്വയം ഉയരുവാനോ ഉയർന്നു ചിന്തിക്കുവാനോ ശ്രമിക്കുന്നില്ല.

വാസുഗണകൻ എഴുതിയ "ഗോചരന്റെ ശൈവ സംസ്കാര പൈതൃകം എന്ന ചെറു ഗ്രന്ഥം കണിയാൻ സമുദായത്തെക്കുറിച്ച് അറിയുവാനുള്ള ആദ്യപടിയായി കണക്കാക്കാം.

തിരുവിതാംകൂർ പ്രദേശമൊഴികെ മറ്റു ദേശങ്ങളിൽ പ്രത്യേകിച്ചും ഉത്തര കേരളത്തിലും അത്യുത്തരകേരളത്തിലും കണിയാന്മാർ ആദരിണീയരായിരുന്നു. ഗണകൻ എന്നത് പണ്ടുകാലത്ത് ഒരു ജാതി നാമം ആയിരുന്നില്ല. ജ്യോതിഷ പണ്ഡിതരായ ബ്രാഹ്മണർ അവരുടെ പേരിനോടൊപ്പം ഒരു ബിരുദമായി അഥവാ സ്ഥാനപ്പേരായി ഗണകൻ എന്ന് ഉപയോഗിച്ചിരുന്നു. മഹാകവി ഉള്ളൂർ കേരള സാഹിത്യ ചരിത്രം എന്ന ഗ്രന്ഥത്തിൽ ഉദാഹരണ സഹിതം ഇക്കാര്യം സമർത്ഥിച്ചിട്ടുണ്ട്. 20-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ തിരുവിതാംകൂറിലെ കണിയാന്മാർക്ക് "കണിയാൻ" എന്ന ജാതിപ്പേരിൽ അപകർഷതാബോധം അനുഭവപ്പെട്ടതിനാൽ "ഗണകൻ" എന്ന പേർ ജാതി നാമമായി സ്വീകരിച്ചതാണ്. ഗണിതവുമായി ബന്ധപ്പെട്ട ഒരു ജന സമുദായം കേരളത്തിൽ നിലനിൽക്കുന്നുണ്ട്. ഈ ഗണിത വിഭാഗത്തെ കണക്കൻ എന്നാണ് വിളിച്ചു വരുന്നത്. ഈ ജാതി നാമവുമായി ബന്ധപ്പെട്ട് സ്ഥലപ്പേരും നിലനിൽക്കുന്നുണ്ട്. എറണാകുളം ജില്ലയിൽ കുറുമശ്ശേരിക്കടുത്ത് "കണക്കൻകടവ്" എന്ന ഒരു സ്ഥലവുമുണ്ട്. ഈ പ്രദേശത്ത് കണക്കന്മാർ എന്ന ജനവിഭാഗം പണ്ടുകാലം മുതൽ വസിച്ചുവരുന്നു.

ഏതൊരു ജനവിഭാഗവും അവരുടെ ജന ജീവിതം, സംസ്കാരം, ആചാരാനുഷ്ഠാനങ്ങൾ ക്രിയാകർമ്മങ്ങൾ എന്നിവയെക്കുറിച്ച് പ്രസ്താവിക്കുമ്പോൾ ചരിത്ര അവബോധത്തോടെവേണം അത് നിർവ്വഹിക്കുവാൻ. ഒരു സമുദായം മറ്റൊരു സമുദായത്തെ താഴ്ത്തിക്കെട്ടുവാനോ അവഹേളിക്കുവാനോ സാമൂഹികമായി സ്ഥാനം കുറഞ്ഞവരാണെന്ന് പ്രഖ്യാപിക്കുവാനോ പരിഹസിക്കുവാനോ തുനിയുന്നതിനു മുമ്പ് ആ ജനവിഭാഗത്തെക്കുറിച്ച് പൂർണ്ണമായിട്ടല്ലായെങ്കിലും അല്പസ്വല്പമെങ്കിലും അറിഞ്ഞിരിക്കണം. അതോടൊപ്പം സ്വന്തം ജനവിഭാഗത്തിന്റെ സാംസ്കാരിക ചരിത്രം വാസ്തു നിഷ്ടമായി മനസ്സിലാക്കുകയും മറ്റുള്ളവർക്ക് ചൂണ്ടികാണിക്കുവാനും വിശദീകരിക്കുവാനും പ്രാപ്തരുമായിരിക്കണം. അല്ലാത്ത പക്ഷം മറ്റൊരു ജനവിഭാഗത്തെ പരിഹസിക്കുവാനോ അവർ സാമൂഹികമായി താഴ്ന്നവരാണെന്ന് പ്രസ്താവിക്കുവാനോ ഒരുങ്ങരുത്.

നാല്പത്തീരടി കളരി ധർമ്മം പരിപാലിച്ചിരുന്ന ആചാര്യ വിഭാഗമായ കളരിക്കുറുപ്പ് കളരിപ്പണിക്കരുടെ ജാതിയ രൂപീകരണം, ഉത്ഭവം, ചരിത്രം, സംസ്കാരം, ആചാരാനുഷ്ഠാനങ്ങൾ എന്നിവ ഓരോ സമുദായ അംഗവും അറിഞ്ഞിരിക്കേണ്ടതാണ്. ചരിത്ര-സാംസ്കാരികതയുടെ അഭാവമാണ് സമുദായ പ്രത്യേ അംഗങ്ങൾക്ക് സ്നേഹവും പ്രതിബന്ധതയും ആത്മാഭിമാനവും തോന്നാത്തത്.

കളരി ഡോട്ട് കോം

Kalary.com

# പത്താമുദയ മഹോത്സവം









പാറപ്പുറത്ത് കളരി ഭരദേവത ശ്രീ വനാദർ സ്വാമി ക്ഷേത്രത്തിലെ പത്താമുദയ മഹോത്സവം 2012 ഡിസംബർ മാസം 25,26, 27 (1188 ധനു 10,11,12) എന്നി തിയതികളിൽ പൂർവ്വാധികം ഭംഗിയായി ഭക്തിപുരസരം കൊണ്ടാടി.

1400 വർഷത്തിലധികം പഴക്കമുള്ള ഈ കളരി ഭഗവാൻ മഹാവിഷ്ണു അംശാവതാരമായ ശ്രീവനാദർ സ്വാമിയുടെ കുക്ഷി കൽപ്പ സമാധിയാൽ പവിത്രവും പരിപാവനവുമാണ്. ശ്രീ ഹനുമാൻ, മേഹശരൻ,. ഗണപതി എന്ന ഉപാസനാ മൂർത്തികളും ദേശത്തെ അമ്മ സ്ആഥനമുള്ള ശ്രീ വല്ലച്ചിറ ഭഗവതിയേയും നൂറ്റാണ്ടുകളായി ഈ കളരിയിൽ പൂജിച്ച് ആരാധിച്ചുവരുന്നു

കൺഠൻ, കാലഭൈരവൻ എന്നി ഉപാസനാ മൂർത്തികളെ പഠിച്ചു സേവിച്ച് രാജപട്ടമായി നെടുകുടം, നെട്ടുപ്പെട്ടി, വിരുത് വീരശൃംഖല എന്നിവ കൈവരിച്ച് നാടുവഴിയിൽ നിന്നും രണ്ടരമിടുക്കൻ, പടയ്ക്ക് പാറപ്പുറം എന്നി ബഹുമതികളോടും സ്ഥാനങ്ങളോടും കൂടി പാറപ്പുറത്ത് കളരി തറവാട്ടധിപനായി വാണരുളുന്ന ശ്രീ കൺഠർമൂത്തച്ചരനും കരിംകുട്ടി സ്വാമിയും ശങ്കുമുത്തച്ചരനും വാണരുളുന്ന കളരിയാണ് പാറപ്പുറത്ത് കളരി.

പത്താമുദയ മഹോത്സവത്തിൻെറ ഭാഗമായി 26-12-2012ൽ കടലാശ്ശേരി പിഷാരടിക്കൽ ഭഗവതി ക്ഷേത്രത്തിൽ നിന്നും ഭക്തിസാന്ദ്രമായ എഴുന്നുള്ളിപ്പ്, ശ്രീ വീരഭദ്രസ്വാമിക്ക് കളം, ശ്രീ വനാദർ സ്വാമിക്ക് പാട്ട് എന്നിവയും 27-12-2012 ൽ കരിങ്കുട്ടി സ്വാമിക്കും കൺഠർമുത്തശ്ശനും ശങ്കുമുത്തച്ചരനും കളമെഴുത്തുപാട്ടും ഭക്തജനങ്ങളെ ഭക്തി നിർവൃതിയിൽ അക്ഷരാർത്ഥത്തിൽ ആറാടിച്ചു.

പാറപ്പുറത്ത് കളരി ക്ഷേത്രത്തിലെ പ്രധാന വളിവാടുകൾ പൂല്പാജ്ജലി, അവിൽ നിവേദ്യം, അപ്പം, നിറമാല, വിളക്ക്, വെള്ളരി നിവേദ്യം, പട്ടും താലിയും, ഗുരുപൂജ, കലശം ഇത്യാദിയാകുന്നു.

ഈ വർഷത്തെ പത്താമുദയ മഹോത്സവത്തിൽ കളരി അംഗങ്ങളും ദേശക്കാരും കള രി ബന്ധുജനങ്ങളും പങ്കെടുക്കുകയും കളരി ഭരദേവതയുടേയും മറ്റു ഉപദേവതകളുടേയും അനുഗ്രഹം നേടുകയും ചെയ്തു. അടുത്ത പത്താമുദയ മഹോത്സവത്തിന് ഒന്നിച്ചു കൂടുവാനും ഭരദേവതയേയും ഉപദേവതകളേയും പൂജിക്കുവാനും അവരുടെ അനുഗ്രഹങ്ങൾ ലഭിക്കുവാനും കഴിയട്ടെ എന്ന ആഗ്രഹത്തോടെ പൂജാവിധികൾ സമാപ്ത കുറിച്ചു.

സെക്രട്ടറി,
പാറപ്പുറത്ത് കളരി ശ്രീവനാദർസ്വാമി
ക്േഷ്രത്ര ക്ഷേമ സമിതി,
കടലാശ്ശേരി, വല്ലച്ചിറ (പി.ഓ) തുശ്ശൂർ 680 562
മൊ. 9895352829 (സെക്രട്ടറി)
മെ ാ. 945225519 (പ്രസിഡൻറ്)

Kalary.com

# സുഖ രശ്മി നമ്മിൽ തന്നെ !

പലവഴിക്കു വന്നവർ
ഒരുവഴിക്കുപോകുവാൻ
സമയമോർത്തുനിന്നിടും
സകലജീവജാലവും

ഒരുവഴിക്ക് ഭൂമിയിൽ
പിറകെവന്നുചേർന്നവർ
പലദിനങ്ങളാവേർപ്പെടും
നിലവിലൊന്നുമില്ലപോൽ

പുറമെയുള്ള ഭംഗിയിൽ
അഴകെഴുന്ന ജീവിതം
ചുഴയുമായി നിന്തിടും
വളിയിലുള്ള ദുർഘടം

അകലെയുള്ള കാഴ്ചയിൽ
അണയുവാൻ കൊതിച്ചവർ
അരികിലെത്തിടുമ്പൊഴും
അറിവതുള്ളു മേവരിൽ

ഇരുളടഞ്ഞ ഹൃത്തടം
വെളിവിലൊന്നു കാണുവാൻ
വളരെയേറെകാലമായ്
കളമൊരുക്കിടും ചിലർ

പുറമകണ്ടതൊന്നുപോൽ
നിറമെഴുന്ന ജീവിതം
അറിയുവോർക്കു മാത്രമേ
നിറവിലുള്ള സൌഖ്യവും

പലസുഖങ്ങളുണ്ടതിൽ
ചിലതുമൊക്കെനേടിടാം
സുലഭമോടതൊക്കയും
സഫലമില്ലൊരാളിലും

അണയുമെത്രകാലവും
ഗുണങ്ങളാ നമ്മളിൽ
അകലുമെന്നതോർക്കകിൻ
അകതളം തുടിച്ചിടും

സുഖമെഴുന്ന ജീവിതം
സകലജീവരാശികളാ
ഹൃദയമുള്ളിലുണ്ടതും
തെളിവൊടൊന്നുണർത്തുവിൻ.



*എ.കെ.എസ്. ആതവനാട്*
*മൊ. 09846327540*

## നിവേദനം

മലപ്പുറം ജില്ലയിൽ തച്ചിങ്ങനാടത്ത് കളരിക്കൽ വല്ലഭ പണിക്കർ മകൻ ഹരിദാസൻ 35 വയസ്സ് 23-12-2012ൽ ഒരു വാഹനാപടകത്തിൽ മരണമടഞ്ഞു. പരേതനായ അദ്ദേഹത്തിൻെറ ആത്മാവിന് നത്യ ശാന്തിക്കായി പ്രാർത്ഥിക്കുന്നു.

രണ്ടുകുട്ടികളും ഭാര്യയുമടങ്ങുന്ന ഈ കുടംബത്തെ സ്വാന്തനിപ്പിക്കുവാനും ആശ്വസിപ്പിക്കുവാനും അവരുടെ ദുഃഖത്തിൽ പങ്കുചേരുവാനും നല്ലവരായ സമുദായ അംഗങ്ങളും സമുദായ സംഘടനാ നേതാക്കളും മുന്നോട്ടു വരണം.

റോഡപടകത്തിൽ കൊല്ലപ്പെട്ട ശ്രീ ഹരിദാസൻെറ സഹോദരന്മാരായ ശ്രീ സതീശൻ പണിക്കർ (09048465499), ശ്രീ മുരളീധരൻ (09645092547) എന്നിവരെ അവരുടെ ദുഃഖത്തിൽ പങ്കുചേരുന്നതിനും സമാശ്വസിപ്പിക്കുന്നതും ബന്ധപ്പെടാവുന്നതാണ്.

## നമ്മുടെ സമുദായ സംഘടനകളും കൂട്ടായ്മകളും

മധ്യകേരളത്തിൽ കളരിക്കുറുപ്പ് കളരിപ്പണിക്കർ വിഭാഗത്തിന് ഒന്നിൽ കൂടുതൽ സംസ്ഥാന തല സംഘടനകളും മാതൃ സംഘടനയുടെ കീഴിൽ സ്വാന്തനം എന്ന ഒരു ട്രസ്റ്റും പ്രവർത്തിച്ചുവരുന്നുണ്ട്. സമുദായത്തിൽ അർഹരായവരെ സഹായിക്കുകയെന്ന ലക്ഷ്യത്തിനാണ് 2011 ജാനുവരിയിൽ ട്രസ്റ്റിൻെറ പ്രവർത്തനം ആരംഭിച്ചത്. എന്നാൽ അർഹരായ സമുദായ അംഗങ്ങൾക്ക് സമയോചിതമായി സഹായം ലഭിക്കുന്നുണ്ടൊ?

2011-ൽ കളരി ഡോട്ട് കോമിൻെറ ന്യൂസ് ലെറ്ററിലൂടെ കൊടകരക്കു കിഴിക്കുഭാഗത്തെ മലയോരപ്രദേശത്തു താമസിക്കുന്ന നിർദ്ധനരായ ഒരു കുടംബത്തിൻെറ കദന കഥ പ്രസിദ്ധീകരിച്ചിരുന്നു. പല സമുദായ അംഗങ്ങളും സഹായ ഹസ്തങ്ങൾ നീട്ടി. എന്നാൽ ആ സഹായം ആ കുടുംബത്തിന് എത്തിച്ചുകൊടുക്കുവാൻ നമ്മുടെ അംഗീകൃത സംഘടനക്ക് കഴിഞ്ഞില്ല.

2011-ൽ പാലക്കാടു ജില്ലയിൽ കളരിപ്പണിക്കർ സമുദായ അംഗമായ പഠിക്കുവാൻ മിടുക്കനായ ഒരു കുട്ടിയുടെ ഉന്നത വിദ്യാഭ്യാസപരമായ ഒരു വിവരം ന്യൂസ് ലെറ്ററിലൂടെയും ദൂർവാണിയിലൂടെയും ബന്ധപ്പെട്ട സംഘടനാ നേതാക്കളെ അറിയിച്ചിരുന്നു. എന്നാൽ ആ കുട്ടിയുടെ ഉപരി പഠനത്തിനായി ആവശ്യമായ സഹായസഹകരണങ്ങൾ നൽകുവാൻ സംഘടന മുന്നോട്ടു വന്നില്ല. അഥവാ തടുർ നടപടികൾ അറിയിച്ചില്ല.

സംഘടനകളുടെ പ്രവർത്തന ശൈലിയും സഹായ വാഗ്ദാനങ്ങളും പ്രസ്തവനകളും വെറും കടലാസ്സുകളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതായി കാണുന്നു. ഈ പ്രവണക്ക് ഒരു മാറ്റം അനിവാര്യമാണ്. അല്ലായെങ്കിൽ സംഘടനകളുടെ ആവശ്യന്തെ?

പ്രതികരിക്കുവാൻ വിമുഖതകാണിക്കുക എന്ന രീതിയാണ് സമുദായ അംഗങ്ങൾ കൈക്കൊണ്ടിരിക്കുന്നത്. സംഘടനാ നേതാക്കളുടെ ഏതൊരു പ്രവർത്തിയേയും സമുദായ അംഗങ്ങളുടെ ഈ മൗനം അംഗീകാരമായി സംഘടന കണക്കാക്കുന്നു. ആരോഗ്യകരമായ വിമർശനങ്ങളും നിർദ്ദേശങ്ങളും നൽകുവാൻ കഴിയുന്ന ഒരു അവസ്ഥ നാം ഉണ്ടാക്കേണ്ടിയിരിക്കുന്നു.

കഴിഞ്ഞ 6 പതിറ്റാണ്ടുകലമായി മൗനമായി, സംഘടനാ പ്രവർത്തനങ്ങളിൽ അഭിരുചി കാണിക്കാതെ സംഘടനയെ അതിൻെറ രീതിയിൽ അഴിച്ചു വിട്ടതുകൊണ്ടാണ് സംഘടന ഒരു സുശക്തമായ സംഘടന അല്ലാത ഇന്നും നിലനിൽക്കുന്നത്.

## പുസ്തക പ്രകാശനം

ശ്രീ മുകുന്ദൻ കുറുപ്പ് എഴുതിയ കേരള ചരിത്രം :കളരിയും കലാരൂപങ്ങളും എന്ന ഗ്രന്ഥം 2013 ഫെബ്രുവരി മാസം ആദ്യവാരത്തിൽ പ്രകാശനം ചെയ്യുന്നു. അന്തർ ദേശീയ പുസ്തക മേളയിൽ ഫോക്ക് ലോർ വിഭാഗത്തിൽ ഉൾപ്പെടുത്തുവാനുദ്ദേശിക്കുന്ന ഈ ഗ്രന്ഥം കളരിക്കുറുപ്പ് കളരിപ്പണിക്കർ വിഭാഗത്തിൻെറ ആധികാരിക ചരിത്ര പുസ്തകമായി കണക്കാക്കാം.

**Published by Kalary.com**
Reporter : Ramachandran Kalarickal, Trichur (09249308894), Proof reading :Smt. Ajitha M.,Gandhinagar
Editors: Shri Anilkumar K.V, Mumbai (09322290222), Shri K.Kamalnathan,Mumbai(09867092926), Shri Ravi Parappurath,Coimbatore(09443595794)
Chief Editor : Mukundan Kurup,Gujarat ( 09601484166), Email(News letter) :- kurups.kalaries@yahoo.in